# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2906 18.06.2019 ൽ മറുപടിക്ക്**

**ചാലക്കുടി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| | ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള ചാലക്കുടിപ്പുഴയിലെ മൂഴിക്ക കടവ് പാലം, തൈക്കൂട്ടം കടവ് പാലം എന്നിവയുടെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | എ) & ബി) | **മൂഴിക്ക കടവ് പാലം**<br>ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള മൂഴിക്കകടവ് പാലത്തിന് 100 രൂപ ടോക്കൺ പ്രൊവിഷനാണ് 2019-20 ബഡ്ജറ്റിൽ ഉള്ളത്. മൂഴിക്കകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിലേയ്ക്ക് നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.<br>**തൈക്കൂട്ടം കടവ് പാലം**<br>തൈക്കൂട്ടം കടവ് പാലത്തിന് 2019-20 ബഡ്ജറ്റിൽ 20% പ്രൊവിഷൻ ഉണ്ട്. തൈക്കൂട്ടം കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്, സാങ്കേതികാനുമതിക്കായുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | | |
| സി) | ചാലക്കുടി-കൊടുങ്ങല്ലൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാറക്കൂട്ടം പാലം നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | സി) | ചാലക്കുടി, കൊടുങ്ങല്ലൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാറക്കൂട്ടം പാലം നിർമ്മാണം കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പാലത്തിനോടനുബന്ധിച്ചുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. പാലത്തിന്റെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭിക്കുന്നതിനു വേണ്ടി ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ